**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** **11-10-2024 - ൽ മറുപടിയ്ക്ക്**

**ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവായ തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കാലിക്കറ്റ് സർവകലാശാലയിൽ പരീക്ഷ നടത്തിപ്പ് വേഗത്തിലാക്കുന്നതിനായി ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം എന്നു മുതലാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ; | (എ) | 12.11.2021 മുതലാണ് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചത്. |
| (ബി) | ഓൺലൈൻ ആയി ലഭിക്കുന്ന ചോദ്യപേപ്പർ പകർപ്പ് എടുത്ത ഇനത്തിൽ വിവിധ പരീക്ഷാകേന്ദ്രങ്ങൾക്ക് നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (ബി) | ഓൺലൈൻ ആയി ലഭിക്കുന്ന ചോദ്യപേപ്പർ പകർപ്പ് എടുത്ത ഇനത്തിൽ പരീക്ഷ കേന്ദ്രങ്ങൾക്ക് നാളിതുവരെ അനുവദിച്ച തുകയുടെ വിശദംശം താഴെ ചേർക്കുന്നു :<br>• 2022-23 - Rs. 87,38,031/-<br>• 2023-24 - Rs. 1,29,70,505 /-<br>• 2024-25 (03.10.2024 വരെ) - Rs. 60,77,934 /-<br>ആകെ 2,77,86,470 /- (രണ്ടു കോടി എഴുപത്തി ഏഴു ലക്ഷത്തി എൺപത്തി ആറായിരത്തി നാനൂറ്റി എഴുപതു രൂപ) |
| (സി) | പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത സംരക്ഷിച്ചുകൊണ്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി പുറമെയുള്ള സ്ഥാപനങ്ങളുമായി കരാറിലേർപ്പെടാറുണ്ടോയെന്നും ടൈപ്പ് സെറ്റിങ് മുതൽ ഡെസ്പാച്ച് വരെയുള്ള ചോദ്യപേപ്പർ പ്രിന്റിംഗുമായി ബന്ധപ്പെട്ട വിവിധ പ്രവൃത്തികൾക്കോരോന്നിനും നിലവിൽ കരാർ ലഭിച്ച സ്ഥാപനത്തിന് സർവകലാശാല അനുവദിക്കുന്ന നിരക്കുകൾ എത്രയാണെന്നും പ്രസ്തുത നിരക്കുകളിൽ 2023-24 വർഷം മുതൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ലഭ്യമാക്കാമോ; | (സി) | സർവകലാശാല പരീക്ഷ നടത്തിപ്പുമായി ബന്ധപ്പെട്ട സ്വകാര്യത പൂർണമായും സംരക്ഷിച്ചുകൊണ്ട് ചോദ്യപേപ്പർ അച്ചടിക്കുന്നതിനായി ഒരു സ്ഥാപനവുമായി സർവകലാശാല നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 2023-24 വർഷ കാലയളവിൽ ചോദ്യപേപ്പർ അച്ചടിക്കുന്ന നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | 2019 ഏപ്രിൽ മുതൽ ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുതയിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ഡി) | 2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ 45410 വ്യത്യസ്ത തരം ചോദ്യപേപ്പറുകൾ അച്ചടിച്ചിട്ടുണ്ട്. 2019 ഏപ്രിൽ മുതൽ 2024 ഫെബ്രുവരി വരെ ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവഴിച്ച ആകെ തുക: Rs. 8,27,12,290/- (എട്ട് കോടി ഇരുപത്തിയേഴ് ലക്ഷത്തി പന്ത്രണ്ടായിരത്തി ഇരുനൂറ്റി തൊണ്ണൂറ് രൂപ മാത്രം) |
| (ഇ) | ചോദ്യപേപ്പർ പരീക്ഷാകേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചതിനുശേഷം ഓരോ സാമ്പത്തിക വർഷവും എത്ര ചോദ്യപേപ്പറുകൾ മേൽ സ്ഥാപനങ്ങൾ മുഖേന അച്ചടിച്ചിട്ടുണ്ടെന്നും പ്രസ്തുതയിനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (ഇ) | 12.11.2021 മുതലാണ് ചോദ്യപേപ്പർ പരീക്ഷ കേന്ദ്രങ്ങളിലേക്ക് ഓൺലൈനായി അയയ്ക്കുന്ന സംവിധാനം ആരംഭിച്ചത്. ആയതിനു ശേഷം 26906 വ്യത്യസ്ത തരം ചോദ്യപേപ്പറുകൾ അച്ചടിച്ചിട്ടുണ്ട്.<br>12.11.2021 മുതൽ ഫെബ്രുവരി 2024 വരെ വരെ ചോദ്യപേപ്പർ അച്ചടിക്കാൻ ചെലവഴിച്ച ആകെ തുക : Rs. 4,00,58,966/- (നാല് കോടി അമ്പത്തിയെട്ടായിരത്തി തൊള്ളായിരത്തി അറുപത്തിയാറ് രൂപ മാത്രം) |
| (എഫ്) | ഈ സംവിധാനം ആരംഭിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കുന്ന ചോദ്യ പേപ്പറുകളുടെ അച്ചടിച്ച കോപ്പികളുടെ എണ്ണം മൂല്യനിർണയ ആവശ്യങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടും, ചോദ്യപേപ്പർ അച്ചടിച്ച വകയിലുള്ള ചെലവിൽ കാര്യമായ കുറവ് വരാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; | (എഫ്) | ചോദ്യപേപ്പറുകളുടെ അച്ചടിച്ച പകർപ്പുകളുടെ എണ്ണം കുറച്ചെങ്കിലും, കോൺഫിഡൻഷ്യൽ പ്രിന്റിങ്ങിനായുള്ള വിവിധ ചാർജ്ജുകൾ ഇപ്പോഴും ബാധകമാണ്. ചോദ്യപേപ്പർ അച്ചടിച്ചെലവ് മാത്രമാണ് കുറവ് വന്നിട്ടുള്ളത്, മറ്റ് നിരക്കുകൾ ഒന്നും തന്നെ കുറവ് വന്നിട്ടില്ല. ആയതുകൊണ്ടാണ് ചോദ്യപേപ്പർ അച്ചടിച്ച എണ്ണം കുറഞ്ഞെങ്കിലും ആകെ ചെലവിൽ ഗണ്യമായ കുറവ് വരാത്തത്. മാത്രവുമല്ല ചോദ്യ പേപ്പറുകളുടെ അച്ചടിച്ച കോപ്പികളുടെ എണ്ണം മൂല്യനിർണയ ആവശ്യങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. എൻട്രൻസ് പരീക്ഷകൾക്കും മറ്റു അടിയന്തിര സാഹചര്യങ്ങളിലും അച്ചടിച്ച ചോദ്യപേപ്പറുകൾ ഉപയോഗിക്കാറുണ്ട്. |
| (ജി) | ചോദ്യപേപ്പർ അച്ചടിച്ചയിനത്തിൽ പ്രിന്റിംഗ് കരാർ ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (ജി) | ചോദ്യപേപ്പർ അച്ചടിച്ചയിനത്തിൽ പ്രിന്റിംഗ് കരാർ ലഭിച്ച സ്ഥാപനങ്ങൾ സമർപ്പിക്കുന്ന ബില്ലുകൾ പരിശോധന നടത്തി തുക അനുവദിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ തസ്തികകൾ താഴെ നൽകുന്നു :<br><br>അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, പരീക്ഷാ കൺട്രോളറുടെ പി എ, പരീക്ഷാ കൺട്രോളർ, വൈസ് ചാൻസലർ.<br><br>കൂടാതെ, ഈ ബില്ലുകൾ എ ല്ലാം തന്നെ അംഗീകാരത്തിനായി സിൻഡിക്കേറ്റിലേക്ക് സമർപ്പിക്കുകയും സിൻഡിക്കേറ്റ് തുക അനുവദിക്കുകന്ന പക്ഷം സർവകലാശാല |

| | | | |
|---|---|---|---|
| | | | ഫിനാൻസ് ഓഫീസർ തുക അനുവദിക്കുകയും കൈമാറുകയുമാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ